# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4689   14.11.2019 ൽ മറുപടിക്ക്**

**പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ.അനിൽ അക്കര<br>ശ്രീ. എ.പി. അനിൽ കുമാർ | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
| --- | --- | --- | --- |
| എ) | സംസ്ഥാനത്ത് പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിക്കാതെ വന്നിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്; വ്യക്തമാക്കുമോ; | എ) ബി) & ഡി) | സംസ്ഥാനത്ത് 2018 ആഗസ്റ്റ് മാസത്തിലും 2019 ആഗസ്റ്റ് മാസത്തിലും പെയ്ത കനത്ത മഴയെത്തുടർന്ന് പൊതുമരാമത്ത് നിരത്തു വിഭാഗത്തിനു കീഴിലുള്ള റോഡുകൾക്ക് കനത്ത നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. രണ്ട് വർഷത്തേയും പ്രളയത്തെ തുടർന്ന് വകുപ്പിന് മൊത്തം 16,480 കോടി രൂപയുടെ നാശ നഷ്ടങ്ങൾ സംഭവിച്ചിരുന്നു. 2018 ആഗസ്റ്റിലെ പ്രളയത്തെത്തുടർന്ന് തകർന്ന റോഡുകളുടെ അറ്റകുറ്റപണികൾ ഏറ്റെടുത്ത് ഭൂരിഭാഗം റോഡുകളും ഗതാഗതയോഗ്യമാക്കിയിരുന്നു. കൂടാതെ പ്ലാൻ, നബാർഡ് ഫണ്ട് എന്നിവ ഉപയോഗിച്ച് ഉപരിതലം പുതുക്കുന്ന നടപടികളും ഏറ്റെടുത്തിരുന്നു. എന്നാൽ ഈ വർഷം ഉണ്ടായ പ്രളയത്തെത്തുടർന്ന് റോഡുകൾക്ക് തുടർന്നും നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. ഈ വർഷം 5031 കി.മീ റോഡുകൾക്ക് തകർച്ച സംഭവിച്ചിട്ടുണ്ട്. എല്ലാ റോഡുകളിലും അറ്റകുറ്റപണികൾ നടത്തി ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2018-19 വർഷം പ്ലാൻ ഫണ്ടിൽ നിന്നും പ്രളയാനന്തര പുനർ നിർമ്മാണത്തിനായി 1191 കോടി രൂപയും, നോൺ പ്ലാൻ ഫണ്ടിൽ നിന്നും 882 കോടി രൂപയും അനുവദിച്ച് ഭരണാനുമതി നൽകുകയുണ്ടായി. 7446 കി.മീറ്റർ റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുകയും, 312.38 കി.മീറ്റർ റോഡുകളുടെ പുനരുദ്ധാരണവും പൂർത്തീകരിക്കുകയുണ്ടായി. ബാക്കി പ്രവൃത്തികൾ നടന്നു വരുന്നു. ദുരന്ത നിവാരണ വകുപ്പിൽ നിന്നും കഴിഞ്ഞ പ്രളയത്തെ തുടർന്ന് 2018-19 ൽ 71.25 കോടി രൂപ റോഡുകളുടെ അറ്റകുറ്റപണികൾക്കായി അനുവദിച്ചിരുന്നു. ഇതിൽ 60 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. മറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ച് വരുന്നു. NABARD ഫണ്ടിൽ |
| ബി) | റോഡുകളുടെ പുനർനിർമ്മാണത്തിനായി ഏതൊക്കെ ഫണ്ടുകളാണ് ലഭ്യമാക്കിയിട്ടുള്ളത്; | | |
| ഡി) | കേന്ദ്രത്തിൽ നിന്നും ഇതിനായി എത്ര തുക ലഭിച്ചു; പ്രസ്തുത തുക അപര്യാപ്തമാണോ; എങ്കിൽ കൂടുതൽ ധനസഹായത്തിന് അപേക്ഷ നൽകിയിട്ടുണ്ടോ; | | |

ഉൾപ്പെടുത്തി 53 പ്രവൃത്തികൾക്ക് 350.49 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ഈ പ്രവൃത്തികൾ ടെണ്ടർ ചെയ്ത് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. 2019-20 വർഷം നോൺ പ്ലാൻ ഫണ്ടിൽ നിന്നും 305 കോടി രൂപയുടെ പ്രവൃത്തികൾക്കും പ്ലാൻ ഫണ്ടിൽ 436.67 കോടി രൂപയുടെ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ എല്ലാം തന്നെ ടെണ്ടർ ചെയ്ത് നടപ്പിലാക്കി വരുന്നു.

2019 ആഗസ്റ്റ് മാസത്തിൽ ദേശീയപാതയ്ക്ക് ഉണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനുള്ള അറ്റകുറ്റപ്പണികൾ നടപ്പിലാക്കി വരുന്നു. ഇതിനായി 20.52 കോടി രൂപ ഓർഡിനറി റിപ്പെയറിലും 5 കോടി രൂപ ഫ്ലഡ് ഡാമേജ് റിപ്പയറിലും കേന്ദ്രത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്. റോഡുകളുടെ ഉപരിതലം പുതുക്കലിനായി വിവിധ പദ്ധതികൾക്കായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ ബഹു. മുഖ്യമന്ത്രി സമ്മർദ്ദം ചെലുത്തിയതിന്റെ ഭാഗമായി 178 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരികയാണ്. ഇത് കൂടാതെ 457 കോടി രൂപയുടെ പട്ടിക ആന്വൽ പ്ലാൻ 2019-20 സാമ്പത്തിക വർഷം കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. ഈ പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര മന്ത്രാലയത്തിൽ സമർപ്പിച്ച് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്.

സംസ്ഥാനത്ത് പ്രളയത്തിൽ തകർന്ന റോഡുകളുടെ കെ.എസ്സ്.ടി.പി മുഖാന്തിരമുള്ള പുനർ നിർമ്മാണം ലോകബാങ്ക്/ജർമ്മൻബാങ്ക് എന്നിവരുടെ സാമ്പത്തിക സഹായ ത്തോടെയാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. പ്രസ്തുത സാമ്പത്തികസഹായം ലഭ്യമാക്കുന്നതിന് മുന്നോടിയായി ലോകബാങ്ക് / ജർമ്മൻ ബാങ്ക് എന്നിവരുടെ സാങ്കേതിക വിദഗ്ധർ അടങ്ങുന്ന പ്രതിനിധി സംഘം കെ.എസ്.റ്റി.പി യ്ക്ക് കൈമാറിയ റോഡുകളിൽ 2019 ജനുവരി മാസം സന്ദർശനം നടത്തുകയും പുനർ നിർമ്മാണത്തിനായി തെരഞ്ഞെടുത്ത റോഡുകളുടെ ഒരു മുൻഗണനാക്രമം നിശ്ചയിക്കുന്നതിനായി നിർദ്ദേശിക്കുകയും ചെയ്തു. ജർമ്മൻ ബാങ്കിന്റെ നിർദ്ദേശമനുസരിച്ച് മുൻഗണനാക്രമത്തിനായി മാനദണ്ഡങ്ങൾ നിശ്ചയിച്ച് ചെന്നൈ ആസ്ഥാനമായ M/s. L&T Infrastructure Ltd. മുഖേന റോഡുകളുടെ മുൻഗണനാക്രമം നിശ്ചയിച്ചു. തുടർന്ന് ഫണ്ട്

ലഭ്യതയ്ക്കനുസരിച്ച് പ്രഥമ പരിഗണനയർഹിക്കുന്ന ഏകദേശം 819 കി.മീ ദൈർഘ്യം വരുന്ന 31 റോഡുകളുടെ പട്ടിക ആദ്യഘട്ടമായി അംഗീകരിച്ച് ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് 13.08.2019-ലെ സ.ഉ(കൈ)നം. 25/2019/ആ.സ.വ ഉത്തരവ് പ്രകാരം പുനർ നിർമ്മാണത്തിനായി അനുമതി നൽകിയിട്ടുണ്ട്. ആയതു പ്രകാരം ലോകബാങ്കിന്റെയും/ജർമ്മൻബാങ്കിന്റെയും നിർദ്ദേശമനുസരിച്ച് പ്രകൃതി ദുരന്തങ്ങളിൽ അതിജീവനക്ഷമത കൈവരിക്കുന്നതിനാവശ്യമായ സാങ്കേതിക ശുപാർശകൾ അടങ്ങിയ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി 4 കൺസൾട്ടന്റുകളുമായി 2019 ഒക്ടോബറിൽ കരാർ ഒപ്പുവെച്ചു. 6 മാസം കാലാവധിയായി നൽകിയിട്ടുള്ള കരാർ പ്രകാരം റോഡുകളുടെ വിശദമായ പദ്ധതി രൂപരേഖ 2020 മാർച്ച് മാസത്തോടെ തയ്യാറാക്കുന്നതാണ്. തുടർന്ന് ദർഘാസ് നടപടികൾ പൂർത്തീകരിച്ച് 2020 മെയ് മാസത്തോടെ റോഡുകളുടെ പുനർ നിർമ്മാണം ആരംഭിക്കുന്നതാണ്.

സി) പുനർനിർമ്മാണത്തിന് വിദേശ ഫണ്ട് ലഭ്യമായിട്ടുണ്ടോ; പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്;

ഇ) റീ ബിൽഡ് കേരള ഇൻഷ്യേറ്റീവിന്റെ നേതൃത്വത്തിൽ നടക്കുന്ന പുനർനിർമ്മാണ പ്രക്രിയയിൽ പൊതുമരാമത്ത് വകുപ്പ് വഹിക്കുന്ന പങ്ക് എന്താണെന്ന് വ്യക്തമാക്കുമോ?

സി) & ഇ) റോഡ് പുനർ നിർമ്മാണത്തിനായി ലോകബാങ്ക്/ജർമ്മൻബാങ്ക് എന്നിവരുടെ സാമ്പത്തിക സഹായം ലഭ്യമായിട്ടുണ്ട്. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഏകദേശം 819 കി.മീ ദൈർഘ്യം വരുന്ന 31 റോഡുകളുടെ പട്ടിക ആദ്യഘട്ടമായി അംഗീകരിച്ച് ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് 13.08.2019 ലെ സ.ഉ(കൈ) നം. 25/2019/ആ.സ.വ ഉത്തരവ് പ്രകാരം പുനർനിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. പ്രളയത്തിൽ തകർന്ന കേരളത്തിലെ റോഡുകൾ റീബിൽഡ് കേരള ഇനിഷിയേറ്റീവിന്റെ ഭാഗമായി പുനർനിർമ്മിക്കുന്നതിന് ലോകബാങ്ക്/ജർമ്മൻ ബാങ്ക് എന്നിവരുടെ ധനസഹായം ലഭ്യമാക്കുകയും ആയതു പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന റോഡുകളുടെ പുനർ നിർമ്മാണം പൊതുമരാമത്ത് വകുപ്പ് മുഖേനയാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്.

സെക്ഷൻ ഓഫീസർ